"ഭരണ ഭാഷ – മാതൃഭാഷ"

കേരള സർക്കാർ
ധനകാര്യ (ഐ റ്റി എസ് എഫ്) വകുപ്പ്

നം.26/2021/ധന.

തിരുവനന്തപുരം, തീയതി : 18.03.2021

## സർക്കുലർ

വിഷയം :- ജീവനക്കാർക്ക് അധികമായി ലഭിച്ച തുക തവണകളായി ഈടാക്കുന്നത് - ഭേദഗതി നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 10.03.2021 ലെ 24/2021/ധന നമ്പർ സർക്കുലർ.

നിലവിൽ, സർക്കാർ ജീവനക്കാർക്ക് ഏതെങ്കിലും സന്ദർഭങ്ങളിൽ അനുവദനീയമായതിൽ കൂടുതൽ തുക (ശമ്പളമോ, കുടിശ്ശികയോ, മറ്റ് ബത്തകളോ തുടങ്ങിയവ) തെറ്റായി മാറി നൽകുന്ന കേസുകളിൽ, ടി തുക തവണകളായി തിരിച്ച് പിടിക്കാമെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവുകളൊന്നും നിലനിൽക്കുന്നില്ലാത്തതിനാൽ ടി വിഷയത്തിൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച സാഹചര്യത്തിൽ സൂചന സർക്കുലർ പ്രകാരം ഒരു ജീവനക്കാരന്റെ ശമ്പളത്തിന്റെ 1/3 ശതമാനത്തിലധികം അധികരിക്കാത്ത പക്ഷം അത്തരം തുക ഒറ്റ തവണയായി തന്നെ തിരികെ സർക്കാരിൽ ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരിക്കുന്നു. എന്നാൽ ശമ്പളത്തിന്റെ 1/3 ശതമാനത്തിൽ അധികം അധികരിക്കാത്ത തുക എന്നത് ശമ്പളത്തിന്റെ 1/3 ഭാഗത്തിൽ അധികരിക്കാത്ത തുക എന്ന് ഭേദഗതി വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു. മാത്രമല്ല, ഒറ്റ തവണയായി തിരിച്ചടവ് നടത്താതെ, തവണകളായി തുക തിരിച്ച് പിടിക്കുന്നതു സംബന്ധിച്ച് ഉത്തരവ് സർക്കാർ തലത്തിൽ മാത്രമാണ് പുറപ്പെടുവിക്കേണ്ടതെന്നും അറിയിക്കുന്നു.

എല്ലാ വകുപ്പ് തലവൻമാരും ഡി.ഡി.ഒ -മാരും മേൽ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു. ഇക്കാര്യത്തിലെ ഉദ്യോഗസ്ഥരുടെ വീഴ്ച മേലിൽ വളരെ ഗൗരവമായി കണ്ട് കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

മിനി വി. ആർ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഇ & ആർ എസ് എ) തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ) തിരുവനന്തപുരം
3. ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്, തിരുവനന്തപുരം
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ വകുപ്പ് തലവൻമാർക്കും
6. ധനകാര്യ വകുപ്പിലെ സെക്ഷനുകൾക്കും (ഇ ഓഫീസ് മുഖാന്തിരം)
7. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ ഓഫീസ് മുഖാന്തിരം)
8. നോഡൽ ഓഫീസർ, *www.finance.kerala.gov.in*.
9. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

Anuja gladis. K.L

**മാനേജർ (ഐ റ്റി എസ്സ് എഫ്)**